Santhigiri

ഉമ്മിണിതങ്കം

VOL 03 | ISSUE 19 | 2017 മെയ് 14 | 1192 മേടം 31

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

ഗുരുവാണി

"സ്വയം അനുഭവിച്ചറിഞ്ഞ് നിരീക്ഷിച്ച് പരീക്ഷിക്കലാണ് വിജ്ഞാന പരിശോധനയ്ക്ക് ഉതകുന്ന മാർഗങ്ങളെന്ന് പറഞ്ഞതുകൊണ്ടായില്ല. പരിശോധന ചെയ്തറിഞ്ഞ സത്തകളെ സമാഹരിച്ച്, സംഗ്രഹിച്ച് കർമ്മത്തിലൂടെ സംസ്ഥാപനം ചെയ്യണം."

# നവഒലിജ്യോതിർദിനാഘോഷങ്ങൾക്ക് ഭക്തിനിർഭരമായ സമർപ്പണം



*ശാന്തിഗിരി ആശ്രമത്തിൽ നവഒലി ജ്യോതിർദിനത്തോട് അനുബന്ധിച്ച് നടന്ന ദീപപ്രദക്ഷിണത്തിൽ നിന്ന്.*

**സ്പിരിചൽ സോൺ:** നവജ്യോതിശ്രീകരുണാകരഗുരു ആദിസങ്കൽപ്പത്തിൽ ലയിച്ച് 18 ാം വാർഷിക ദിനത്തിന്റെ ഭാഗമായി ശാന്തിഗിരി ആശ്രമത്തിൽ സംഘടിപ്പിച്ച നവഒലി ജ്യോതിർദിനാഘോഷങ്ങൾക്ക് ഭക്തിനിർഭരമായ സമർപ്പണം. മെയ് 7 ഞായറാഴ്ച വൈകിട്ട് 5.00 മണിക്ക് ആശ്രമാങ്കണത്തിൽ നടന്ന ദിവ്യപൂജാസമർപ്പണ പ്രാർത്ഥനയോടെയാണ് ചടങ്ങുകൾക്ക് സമർപ്പണമായത്.

രാവിലെ നടന്ന നവഒലി ജ്യോതിർദിനം സമ്മേളനത്തിൽ ശ്രീലങ്കയിൽ നിന്നുള്ള മന്ത്രിമാർ മുഖ്യാതിഥികളായിരുന്നു. വിദ്വേഷത്തിന്റെ കനലുകൾ എരിയുന്ന ലോകത്ത് സമാധാനത്തിന്റെ സന്ദേശം പകരാൻ ശാന്തിഗിരിക്ക് കഴിയുമെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത ശ്രീലങ്കൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ വകുപ്പ് മന്ത്രി രഞ്ജിത്ത് മദ്ദുമ ബണ്ഡാരെ പറഞ്ഞു. ലോകസമാധാനത്തിന്റെ കവാടമായി പ്രവർത്തിക്കുവാൻ ശാന്തിഗിരി ആശ്രമത്തിന് കഴിയും. ഗുരുവിന്റെ ആശയങ്ങൾ ബുദ്ധിസവുമായി ഏറെ സാമ്യമുണ്ട്. ബുദ്ധൻ പറഞ്ഞത് കരുണയുടെ വചനങ്ങളാണ്. കരുണയുടെ പേരിലാണ് ശാന്തിഗിരിയിലെ ഗുരുവും അറിയപ്പെടുന്നത്. ശാന്തിഗിരിയുടെ ആഗോള പ്രസക്തി അനുനിമിഷം വർദ്ധിച്ചുവരികയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സി ദിവാകരൻ എം എൽ എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീലങ്കൻ ഇൻഡസ്ട്രിസ് വകുപ്പ് മന്ത്രി ദയധർമ്മപാലഗാമഗെ, പ്രെട്രോളിയം വകുപ്പ് മന്ത്രി അനോമ ഗാമഗെ, പ്രൊവിൻഷ്യൽ കൗൺസിൽ മെംബർ ചന്ദ്ര കിത്സിരി കഹത്തപിത്തിയ,കത്തരഗാമ ദേവാലയം ചീഫ് ഇൻകമ്പെന്റ് ഡോൺ കുമാരഗെ തുടങ്ങിയവർ മുഖ്യാതിഥികളായി.

കോട്ടയം ഭദ്രാസനം മെത്രാപ്പോലീത്ത ഡോ. തോമസ് മാർ തിമോത്തിയോസ്, ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി എന്നിവർ ചടങ്ങിൽ മഹനീയ സാന്നിദ്ധ്യമായി. മുൻ ഡെപ്യൂട്ടി സ്പീക്കർ പാലോട് രവി, പി എം ജൻ ഔഷധി ഡയറക്ടർ ജനറൽ രോഹിത് മെഹ്റ, എഫ് ഇ ഐ കാർഗോ ലിമിറ്റഡ് ഡയറക്ടർ പ്രതാപ് ചന്ദ്രൻ നായർ, സുൽത്താനേറ്റ് ഒമാൻ മിഡിൽ ഈസ്റ്റ് യൂണിവേഴ്സിറ്റി ഡീൻ ഡോ. ജി ആർ കിരൺ, സിന്ദൂരം ചാരിറ്റീസ് ചെയർമാൻ സബീർ തിരുമല, ഹരീഷ് റഹ്മാൻ, ഹരിസുബ്രഹ്മണ്യം, സ്വാമി ജനനന്മ ജ്ഞാനതപസ്വി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. ശാന്തിഗിരി ആശ്രമം എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് ഇൻചാർജ്ജ് സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി സ്വാഗതവും ശാന്തിഗിരി ശാന്തിമഹിമ അസിസ്റ്റന്റ് കൺവീനർ മനു എൻ എം കൃതഞ്ജതയും പറഞ്ഞു. നവഒലി സമ്മേളനത്തിൽ പങ്കെടുത്ത ശ്രിലങ്കൻ മന്ത്രി സംഘത്തെ ചടങ്ങിൽ ആദരിച്ചു. ജ്യോതിർദിനത്തോടുനുബന്ധിച്ച് റിസർച്ച് സോണിൽ എൽ ഇ ഡി പ്രകാശ പന്തൽ ഒരുക്കിയ യുവജന കൂട്ടായ്മയായ ശാന്തിമഹിമ പ്രവർത്തകരെ സമ്മേളനത്തിൽ അനുമോദിച്ചു.

വൈകുന്നേരം നാലു മണിക്ക് നടന്ന സാംസ്കാരിക സമ്മേളനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സാംസ്കാരിക മണ്ഡലത്തെ ഗുരു സമ്പന്നമാക്കിയെന്ന് മന്ത്രി പറഞ്ഞു. മതേതരത്തിന്റെ തീർത്ഥാടന കേന്ദ്രമായി ശാന്തിഗിരി മാറിയിരിക്കുന്നു. ഇവിടെ ജാതിയോ മതമോ ഇല്ല. ഇവിടുന്ന് പ്രവഹിക്കുന്നത് മാനവികതയാണ്. സംസ്ഥാപനത്തിന്റെ 50 വർഷങ്ങൾ കടന്നുപോകുമ്പോഴും ശാന്തിഗിരി മതേതരത്വം ഉയർത്തിപ്പിടിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ നവോത്ഥാന പ്രവർത്തനങ്ങൾക്ക് ശാന്തിഗിരി നൽകുന്ന സംഭാവന വിലപ്പെട്ടതാണ്. സമൂഹത്തിൽ അക്രമങ്ങളും അനാചാരങ്ങളും വർധിച്ചുവരുന്ന അവസരത്തിൽ ശാന്തിഗിരി അശരണർക്കായുള്ള ഒരു അഭയ കേന്ദ്രമാണെന്ന് അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി കെ മധു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി, സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വി, ബിജെപി ജനറൽ സെക്രട്ടറി എ എൻ രാധാകൃഷ്ണൻ, ആനാവൂർ നാഗപ്പൻ, ശുചിത്വമിഷൻ ഡയരക്ടർ ഡോ. കെ വസുകി ഐഎഎസ്, എസ് പി റാണ, ജില്ലാ പഞ്ചായത്ത് മെംബർ ബിജു മോഹൻ, അഡ്വ പ്രകാശ് പി തോമസ്, മാണിക്കൽ പഞ്ചായത്ത് പ്രസിഡന്റ് എസ് സുജാത, പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ വേണുഗോപാലൻ നായർ, പെലിക്കൻ ഫൗണ്ടേഷൻ ട്രസ്റ്റി സി എൻ മനോജ്, കോലിയക്കോട് ഹെൽത്ത് ഇൻസ്പെക്ടർ എൻ ജഗജീവൻ, ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രം അസിസ്റ്റന്റ് ജനറൽ കൺവീനർ എം പി പ്രമോദ് തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിൽ ശാന്തിഗിരി പ്രകൃതി നീതി ഹരിത പ്രോട്ടോകോൾ ശുചിത്വമിഷൻ ഡയറക്ടർ ഡോ. കെ വാസുകി ഐ എ എസിന് കൈമാറി.

കേരളത്തിലുടനീളമുള്ള സന്യാസിസന്യാസിനിമാരും വിശ്വാസികളുമടക്കം ആയിരിക്കണക്കിന് പേർ നവഒലിജ്യോതിർദിന പ്രാർത്ഥനകളിൽ പങ്കുകൊണ്ടു. ആശ്രമാങ്കണത്തിൽ നടന്ന ദീപപ്രദക്ഷിണത്തിലും ശുഭ്രവസ്ത്രധാരികളായ വിശ്വാസസമൂഹം ഭക്തിപൂർവ്വം പങ്കെടുത്തു. മുത്തുകുടകൾ, വാദ്യമേളങ്ങൾ, വിവിധ സമർപ്പണങ്ങൾ എന്നിവ പ്രദക്ഷിണത്തിന് അകമ്പടിയായി. രാത്രി വിശ്വസംസ്കൃതി കലാരംഗത്തിന്റെ ആഭിമുഖ്യത്തിൽ കലാപരിപാടികളും അരങ്ങേറി.

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

**കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്**

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

## ഗുരുവാണി

വിശ്വാസം എന്നതിന്റെ വളർച്ചയിൽ പല വ്യതിയാനങ്ങൾ വരുന്നു. അച്ഛനമ്മമാരോട് തോന്നുന്ന വിശ്വാസത്തിൽ തുടങ്ങി മക്കളോട്, വീട്ടുകാരോട്, നാട്ടുകാരോട് ഇങ്ങനെ നാം വളർത്തുന്ന ജന്തുക്കളോടുവരെ ഓരോ തരത്തിൽ വിശ്വാസം പുലർത്തുന്നുണ്ട്. ഇതിൽ എന്തെല്ലാം ഭാവഭേദം വരുത്തുന്നുണ്ട്? അത് നമ്മൾ പൂർത്തിയാക്കിയോ എന്നു ചിന്തിച്ചാൽ, മേൽപറഞ്ഞ ഒന്നിനോടും വിശ്വാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന് മനസ്സിലാകും. കേവലം ഒരു വസ്ത്രത്തോടായാലും അതിന്റെ ഉപയോഗം വരെ മാത്രമേ അതിനോട് വിശ്വാസമുള്ളൂ. അങ്ങനെ വിശ്വാസത്തിന് ഒരു പരിധി വരുന്നു. അച്ഛനെയോ അമ്മയെയോ പിരിഞ്ഞ് ഒരു നിമിഷം ജീവിക്കാൻ കഴിയില്ലെന്നൊരു വിശ്വാസം. എന്നാൽ അത് പിന്നീട് ഭാര്യയിലേക്കും മക്കളിലേക്കും മാറുന്നു. കള്ളിൽ വിശ്വാസം വന്നാൽ ചിലർ മറ്റെല്ലാം മറക്കുന്നു. ഇതിലെല്ലാറ്റിലുമുപരി ഈശ്വരവിശ്വാസം. അത് മാടൻ തുടങ്ങി കാളി, ഭദ്ര, ചാത്തൻ അങ്ങനെ തുടർന്ന് ഗുരു വരെ. വിശ്വാസത്തോട് ആഴത്തിൽ ചേർന്നിരിക്കുന്നതാണ് സ്നേഹം. അച്ഛന് മക്കളോടുള്ള സ്നേഹം ആഴത്തിൽ ഹൃദയത്തിലിരിക്കുന്നതാണ്. അതാർക്കും കാണാനാവില്ല. ഭർത്താവിനോട് തോന്നുന്ന വിശ്വാസവും സ്നേഹവും അച്ഛനോടുള്ളതുപോലല്ല. അമ്മയുടെ സ്നേഹം, അത് വേറൊരുതരമാണ്. അമ്മയ്ക്ക് അറിവില്ലെങ്കിലും മക്കളോട് ഉള്ളിൽ വലിയ സ്നേഹമാണ്. സ്നേഹം മഹിമയാണ്. സഹോദരസ്നേഹവും ഇന്നത്തെ കാലത്ത് ഒരു പരിധി വരെയേ ഉള്ളൂ. ഈ പരിധിവിട്ട്, ഈ സ്നേഹത്തെ നമുക്കെങ്ങനെ നിലനിർത്താൻ കഴിയും? ഇതിൽ ഏതെങ്കിലുമൊരു സ്നേഹത്തെ വളർത്താൻ കഴിയുന്നതുതന്നെ പറയാനെളുപ്പമാണ്. പ്രവൃത്തിയിൽ വരാനാണ് പ്രയാസം.

നമുക്കെങ്കിലും ഈ സ്നേഹത്തിന്റെ ആഴം നിലനിർത്തണം. എത്രയോ കാലമായി മനുഷ്യൻ അതിരറ്റ് പ്രവർത്തിച്ചതിന്റെ ഫലമായുണ്ടായതാണീ സ്നേഹം. ഒരു വസ്ത്രം ഇന്നു നമുക്ക് സാരമില്ലാതെ കിട്ടും. പക്ഷേ ഇത് കണ്ടുപിടിക്കപ്പെടുന്നതിനുമുമ്പ് നമ്മുടെ അവസ്ഥ എന്തായിരുന്നു? അങ്ങനെ ഓരോ വിഷയവും നമ്മുടെ അറിവിലെത്തിക്കാൻ നമ്മുടെ പൂർവികന്മാരോ നമ്മളോ ജന്മംകൊണ്ട് കഷ്ടപ്പെട്ടിട്ടുണ്ടാകണം. ഈ സ്നേഹം അവിടവിടെ മുറിഞ്ഞുപോകാതിരിക്കാൻ ആദ്യം പഠിപ്പിക്കാൻ കഴിയുന്നത് മാതാപിതാക്കൾക്കാണ്.

മാതാപിതാക്കളാണ് വിളക്കിനെയോ കല്ലിനെയോ ആദ്യമായി തൊഴാൻ പഠിപ്പിക്കുന്നത്. കുഞ്ഞ് അറിയാതെതന്നെ സ്നേഹത്തിന്റെ ഒരു മഹിമ അതിന്റെ ഉള്ളിലുണ്ടാകുന്നു. കുട്ടി അതുതന്നെ തിരിച്ച് അവരോട് പറയാൻ തുടങ്ങുന്നു. കുട്ടി അറിയാതെ അതിന്റെയുള്ളിൽ അറിവുണ്ടാകുകയാണ്. നാം വളർത്തുന്ന പശുവിന്റെ ചാണകം ഉരുട്ടിവച്ച് ഗണപതിയെ സങ്കൽപിക്കുന്നു.എന്തുകൊണ്ട്? അതൊരു വിശ്വാസമാണ്. ഈ നാറുന്ന വസ്തുവിനോട് വിശ്വാസം വന്നതെങ്ങനെ? വിശ്വാസമില്ലാത്തവന് ഇതുകണ്ടാൽ പരിഹാസം തോന്നും. നമുക്ക് ചാണകത്തിനോടുപോലും സ്നേഹം എത്തിക്കാൻ പൂർവികർ എന്തു ബുദ്ധിമുട്ടിക്കാണും? ചാണകത്തെ കുമ്പിട്ടതിനുശേഷം പിന്നെ രൂപങ്ങളുണ്ടാക്കിവച്ച് വിശ്വാസം ഉറപ്പിക്കാൻ തുടങ്ങി. കാണുന്നവനും അറിയാതെ വീണു തൊഴുതുപോകും. തമിഴന്മാർ ദൈവത്തിന്റെ രൂപം ഉണ്ടാക്കിവച്ചാൽ അതിന് മീശകാണും. ഇതുണ്ടാക്കിയവനും തൊഴുതവനും ദൈവത്തെ വിചാരിച്ചാണ് ചെയ്തിരിക്കുന്നത്.

## വചനദീപ്തി

**ഗുരു തന്റെ നിജബ്രഹ്മ സ്വരൂപത്തിലിരിക്കവേ ശിഷ്യൻ സ്വസ്വരൂപ ബ്രഹ്മജ്ഞാനം ഗുരുവിൽ നിന്നും പകരുകയാണ്. ഇതാണ് ഉത്തമ ഉപദേശം. ഇതിനപ്പുറം ഒന്നുമില്ല.**

**രമണമഹർഷി**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 മെയ് 14 മുതൽ 20 വരെ*

| | |
|---|---|
| ഞായർ | - ശാന്തിപുരം |
| തിങ്കൾ | - കരുണപുരം |
| ചൊവ്വ | - ശാന്തിഗിരി ജംഗ്ഷൻ |
| ബുധൻ | - ലക്ഷ്മിപുരം |
| വ്യാഴം | - ആനന്ദപുരം |
| വെള്ളി | - ജനസേവികപുരം |
| ശനി | - രത്നഗിരി |

## യാമപ്രാർത്ഥന

*2017 മെയ് 18 വ്യാഴം*

**ശാന്തിപുരം, കരുണപുരം, ജനസേവികപുരം**

**പ്രകാശപഥം**

## ഭദ്രം കാളുന്ന പോലെ

ഒരു വാളിന്റെ മുനയിൽക്കൂടി നടക്കുന്നതുപോലെയാണ് ഒരാശ്രമജീവിതത്തിൽ നടക്കേണ്ടത്. അതാണ് തീയെന്നു പറയുന്നത്. ഭദ്രകാളി എന്നു നമ്മൾ പറയും. ആ ഭദ്രം കാളുന്ന പോലെ തന്നെ അങ്ങനെ ബ്രഹ്മചര്യം സൂക്ഷിച്ചുപോയ ഒരു സ്ത്രീയുടെ സ്വഭാവത്തിൽ വേണം നാം ഇവിടെ നില്ക്കേണ്ടത്. അതുപോലെ തന്നെയാണ് പുരുഷന്റെ ഭാവവും. കാരണം ബ്രഹ്മചര്യം എന്നു പറഞ്ഞാൽ നിങ്ങൾ ഉദ്ദേശിക്കുന്ന ബ്രഹ്മചര്യമല്ല, ഗുരു ഉദ്ദേശിക്കുന്ന ബ്രഹ്മചര്യം. നിങ്ങൾ ഒന്നു ചിന്തിച്ചു നോക്കുക. നിങ്ങൾ കുട്ടികളെ എങ്ങനെ വളർത്തും? ഞാൻ ആദ്യം ഇവിടെ വരുമ്പോൾ രാത്രിയിൽ ഞാനും കുഞ്ഞച്ചണ്ണനും വേറെയാരോ ഉണ്ട്. അന്ന് ആ പർണശാലയിൽ ആ അശോകമരം നില്ക്കുന്ന അവിടുന്നു കുറച്ച് പച്ചയോല മെടഞ്ഞിട്ട് ഗുരു തന്നെ പ്രാർത്ഥനാലയത്തിന്റെ തിണ്ണയിലിട്ടു. ഞങ്ങൾ മൂന്നുപേരും അവിടെയാണ് കിടന്നത്. പിറ്റേന്നു രാവിലെ അഞ്ചു മണിയുടെ ആരാധനയ്ക്ക് ഞാൻ പോയില്ല. കാരണം രാത്രി വന്നിറങ്ങിയിട്ട് രാവിലെ കിണറെവിടെയാണെന്ന് എനിക്കറിയില്ല. വെള്ളം കോരാനും എനിക്ക് സാധിക്കില്ല. രാവിലെ ആരോ വെള്ളമൊഴിച്ചു തന്നു. ആറിന്റെ ആരാധന കഴിഞ്ഞിട്ട് ഗുരു ഈ വേലിയിൽ നിന്നും ചെമ്പരത്തിയുടെ കമ്പെടുത്ത് എന്നെ അടിക്കുകയാണ്.

നിങ്ങളെപ്പോലുള്ള രക്ഷകർത്താക്കളാണെങ്കിൽ ഇതെങ്ങനെ സഹിക്കും. ഗുരുവിനോട് ചോദിക്കാനും ചോദിപ്പിക്കാനും എന്റെ കൊച്ചിന് ചെയ്യണമെന്നറിയാമോ തെറ്റുണ്ടാക്കാനും മറിച്ച് അവന്റെ ജീവനിലിരിക്കുന്ന തെറ്റിനെ തിരുത്താനും നിങ്ങൾ ശ്രമിക്കുമോ? അങ്ങനെ നിത്യ ജീവിതത്തിലെ ഓരോഅനുഭവങ്ങളെപ്പറ്റിയും ചിന്തിക്കൂ.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)



## ശാന്തിഗിരി ഗ്രീൻ പ്രോട്ടോക്കോൾ

### സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി

ഗുരുവിന്റെ ധർമ്മോപദേശങ്ങൾ ജീവിതത്തിൽ പകർത്തി നാടിനും രാജ്യത്തിനും ലോകത്തിനും മാതൃക പകരുക എന്നതായിരിക്കണം ശാന്തിഗിരിയിലെ വിശ്വാസി സമൂഹത്തിന്റെ പ്രഥമലക്ഷ്യം. “നിങ്ങളെക്കാണുമ്പോൾ (ലോകം) എന്നെ ഓർമ്മിക്കണ”മെന്ന ഗുരുവാക്ക് അന്വർത്ഥമാക്കാൻ നാം നമ്മുടെ ജീവിതചര്യകളിലൂടെയും കർമ്മരംഗങ്ങളിലൂടെയും അതിജീവനത്തിന്റെ അനുകരണീയമായ മാതൃകകൾ സൃഷ്ടിച്ചെടുത്ത് ലോകത്തിന് സംഭാവന ചെയ്യേണ്ടതുണ്ട്. “ഞാൻ വിശ്വസിക്കുന്ന മതം സൗഹാർദ്ദത്തിന്റേതാണ്....” എന്ന ഗുരുവാണി, അവിടുത്തെ മറ്റു പല ഉദ്ബോധനങ്ങളോടും കൂട്ടിച്ചേർത്തു വായിക്കുമ്പോൾ, പ്രകൃതിയുമായി(ക്കൂടി) സൗഹാർദ്ദത്തിൽ ജീവിക്കേണ്ടതിന്റെ അനിവാര്യതയെയാണ് ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ടാണ് വൃത്തി, ശുദ്ധി, പവിത്രത എന്നിവ ജീവിതപ്രമാണങ്ങളാക്കണമെന്ന് സ്വജീവിതത്തിലൂടെ ഗുരു നമ്മെ പഠിപ്പിച്ചു തന്നത്. നിർഭാഗ്യവശാൽ ഇപ്പറഞ്ഞ മൂന്നിന്റെയും അഭാവം കൊണ്ട് വീർപ്പുമുട്ടുന്ന ഒരു പ്രകൃതിയിലാണ് നാമിന്ന് അധിവസിക്കുന്നത്. അന്നം ബ്രഹ്മമാണ്. എന്നാൽ കഴിക്കുന്ന ഭക്ഷണവും കുടിക്കുന്ന ജലവും ശ്വസിക്കുന്ന വായു പോലും ശുദ്ധമല്ലാത്തതും അപവിത്രവുമാണിന്ന്. ഇതിനൊക്കെ കാരണമോ, പ്രകൃതിസൗഹൃദപരമല്ലാത്ത മനുഷ്യ ജീവിതക്രമവും. ഇപ്പോൾ നാമനുഭവിക്കുന്ന കൊടുംവരൾച്ചയ്ക്കും വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾക്കും മാരകരോഗങ്ങൾക്കുമെല്ലാം നിദാനം മനുഷ്യൻ പ്രകൃതിക്കുമേൽ ചെയ്തു കൂട്ടുന്ന തിൻമകളാണെന്ന തിരിച്ചറിവാണു നമുക്കിന്നാവശ്യം.

ഈയൊരു പശ്ചാത്തലത്തിലാണ് മാലിന്യവിമുക്തമായ ചുറ്റുപാടും വിഷരഹിതമായ ആഹാരവുമെന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിനായി ഹരിതപ്രമാണ(Green Protocol)മെന്ന പദ്ധതി നാം പ്രസ്ഥാനത്തിന്റെ ഭാഗമാക്കുന്നത്. വിശ്വാസിസമൂഹം നിശ്ചയദാർഢ്യത്തോടും അർപ്പണഭാവത്തോടുംകൂടി കൈക്കൊള്ളേണ്ട ഒരു മാനസിക ഉടമ്പടി (Psychological cotnract)യാണ് “പ്രകൃതിനീതി”യെന്നു നാമകരണം ചെയ്തിട്ടുള്ള ഈ പദ്ധതിയുടെ കാതൽ. പഞ്ചഭൂതാംശങ്ങളായ മണ്ണിന്റെയും ജലത്തിന്റെയും വായുവിന്റെയും സംരക്ഷണത്തിലൂടെ പ്രകൃതിയിലെ ജീവജാലങ്ങളോടൊക്കെ ഇണങ്ങിച്ചേർന്നുകൊണ്ട് ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാനുള്ള വഴിപ്പടമാണ് “പ്രകൃതിനീതി” മുന്നോട്ടു വയ്ക്കുന്നത്.

ഈ വരുന്ന നവഒലി ജ്യോതിർദിനം മുതൽ ഒരു കൊല്ലംകൊണ്ട് പൂർണ്ണമായി നടപ്പാക്കേണ്ടുന്ന “ശാന്തിഗിരി ഹരിതപ്രമാണ” പദ്ധതി മാണിക്കൽ ഗ്രാമപഞ്ചായത്ത്, സംസ്ഥാന ശുചിത്വമിഷൻ, ‘പെലിക്കൺ ഫൗണ്ടേഷൻ’ (എൻ.ജി.ഒ) എന്നിവയുടെ സഹകരണത്തോടെയാണ് ആശ്രമം ഏറ്റെടുക്കുന്നത്. മാണിക്കൽ പഞ്ചായത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ആയ എൻ. ജഗജീവന്റെ വിദഗ്ദ്ധോപദേശവും ഇതിന്റെ നിർവ്വഹണത്തിൽ സ്വീകരിക്കുന്നുണ്ട്. സമകാലീന മാനവരാശി അഭിമുഖീകരിക്കുന്ന ഒരു ആഗോളഭീഷണിക്കും വെല്ലുവിളിക്കും ശാന്തിഗിരി, കർമ്മപന്ഥാവിലൂടെ ഉരുത്തിരിയിക്കുന്ന പ്രതിവിധിയാണിത്. നന്മയും ഉണർവ്വും പ്രകൃതി സൗഹൃദജീവിതശൈലിയും സ്വായത്തമാക്കിയ ചെറിയ ചെറിയ സമൂഹങ്ങളെ പ്രസ്ഥാനമാകെ വളർത്തിയെടുത്ത് ലോകത്തിന് മാതൃക പകരാൻ വേണ്ടിയുള്ള ഈ മഹത്യജ്ഞത്തിൽ നമുക്കോരോരുത്തർക്കും പ്രതിജ്ഞാബദ്ധരായി അണിചേരാം.

# വേട്ടയാടലുകളെ അതിജീവിക്കുന്നവർക്കാണ് വിജയിക്കാനാവുക: സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**പത്തനാപുരം:** വേട്ടയാടലുകളെ അതിജീവിക്കുന്നവർക്കാണ് വിജയപഥത്തിലെത്താൻ കഴിയുകയെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പറഞ്ഞു. പത്തനാപുരം ഗാന്ധിഭവനിൽ ഭാരതരത്നം ഡോ. എപിജെ അബ്ദുൽ കലാം സന്ദർശന അനുസ്മരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സ്വാമി. വ്യക്തികളെ വേട്ടയാടുക എന്നത് ചിലരുടെ സാഡിസമാണ്. അവരെ പിന്തിരിപ്പിക്കുക എന്നത് അപ്രായോഗികവുമാണ്. തടസങ്ങൾ ഇല്ലെങ്കിൽ വിജയിക്കാൻ കഴിയില്ല. വെല്ലുവിളികളെ അതിജീവിക്കുമ്പോഴാണ് വിജയത്തിനുള്ള വഴി തെളിയുന്നത്. നൂറു ശതമാനവും നല്ലത് മാത്രം ചെയ്യാനുള്ള പ്രയാണത്തിനിടയിൽ ഒരു തെറ്റ് പറ്റിയിട്ടുങ്കിൽ 99 ശതമാനവും ചെയ്ത നല്ല കാര്യങ്ങൾ വിലയ്ക്കെടുക്കപ്പെടുന്നില്ല. അത്രയും കാലം കൂടെ നിന്നവർ തള്ളിപ്പറയുന്നു.

ആയിരക്കണക്കിന് വെടിയുണ്ടകളെ അതിജീവിക്കാമെങ്കിലും സഹചാരികളും ഒപ്പം നിന്നവരും തള്ളിപ്പറയുമ്പോൾ ഹൃദയങ്ങൾ മുറിഞ്ഞു പിരിയുന്നു. ഡോ. അബ്ദുൽ കലാം ഗാന്ധിഭവൻ എന്ന പുണ്യഭൂമി സന്ദർശിച്ചത് ദൈവത്തിന്റെ നിയോഗമാണ്. ജീവകാരുണ്യത്തിന്റെ മുഖം ഗാന്ധിഭവനിൽ നേരിൽ കാണാൻ കഴിയും. സ്വാമി പറഞ്ഞു. ആർ. ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ചെങ്ങറ സുരേന്ദ്രൻ എം.പി., ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ തുടങ്ങിയവർ പങ്കെടുത്തു.

# "വെൽത്ത് വെ' വർക്ക് ബുക്ക്

**പോത്തൻകോട്:** സമ്പത്തിന്റെ രഹസ്യം അറിയുന്നതിനും കടക്കെണിയിൽ നിന്നും കരകയറുന്നതിനും വ്യക്തി ജീവിതത്തിൽ അനുവർത്തിക്കേണ്ട സാമ്പത്തിക തത്വങ്ങൾ സംബന്ധിച്ച് ആത്മബന്ധുവായ എ. ദിനദേവൻ തയ്യാറാക്കിയ 'വെൽത്ത് വെ' വർക്ക് ബുക്ക് ശ്രദ്ധേയമാകുന്നു. അന്താരാഷ്ട്ര നിലവാരത്തിൽ തയ്യാറാക്കിയിരിക്കുന്ന ഈ പുസ്തകം ആമസോൺ, കിന്റൽ, കോബോ, പ്ലേ സ്റ്റോർ തുടങ്ങി എല്ലാ ഓൺലൈൻ ബുക്ക് സ്റ്റോറുകളിലും പോത്തൻകോട് 'സ്നേഹം' എജ്യൂക്കേഷനിലും ലഭ്യമാണ്.



*വെൽത്ത് വെ ബുക്ക് പ്രകാശനം*

# ഗുരുകാന്തി അവധിക്കാല ക്ലാസ് സമാപിച്ചു

**എജ്യൂക്കേഷൻ സോൺ:** ഒരു മാസമായി നടന്നുവന്ന ഗുരുകാന്തി അവധിക്കാല പഠന ക്ലാസ് സമാപിച്ചു. സമാപന സമ്മേളനത്തിൽ സർവ്വാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി, ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, ആദരണീയ ജനനി പ്രമീള ജ്ഞാനതപസ്വിനി, ആദരണീയ ജനനി രേണുരൂപ ജ്ഞാനതപസ്വിനി, റിട്ടയേഡ് ജഡ്ജി മുരളി ശ്രീധർ, പോത്തൻകോട് ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ബാലമുരളി, ഹരികുമാർ, പ്രമോദ്, സഹീറത്ത് ബീവി എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഗുരുകാന്തി പി.റ്റി.എ. പ്രസിഡന്റ് രാജീവ് എസ്., ഗുരുകാന്തി സെക്രട്ടറി ബിന്ദു സുനിൽ, പ്രധാന അദ്ധ്യാപകരായ പരമേശ്വരൻ നായർ ആർ. ഗുരുകാന്തിയിലെ മറ്റ് അധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരും പങ്കെടുത്തു. ഒരു മാസക്കാലം കുട്ടികൾ ഗുരുകാന്തിയിൽ നിന്നും അറിഞ്ഞതും പഠിച്ചതും ചെയ്തതുമായ കാര്യങ്ങൾ കുട്ടികൾ വേദിയിൽ അവതരിപ്പിച്ചു. വിവിധ പ്രവർത്തനങ്ങളിൽ മികച്ചു നിന്ന കുട്ടികൾക്കും സമ്മാനങ്ങൾ നൽകി.



*ഡയറക്ടർ (കോഡിനേഷൻ) ന്റെ പുതിയ ഓഫീസിൽ ജനനി ഋഷിരത്ന ജ്ഞാനതപസ്വിനി സന്ന്യാസിനിമാരോടും സഹപ്രവർത്തകരോടുമൊപ്പം.*




*ബൈപാസ് റോഡിലെ ശാന്തിഗിരി ജൻ ഔഷധി സ്റ്റോർ*

## അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ പുതിയ അദ്ധ്യയന വർഷത്തിലേക്ക് (സിബിഎസ്ഇ സിലബസ്)അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പ്ലസ് വൺ വിദ്യാർത്ഥികൾക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്സ് ഗ്രൂപ്പിൽ മാത്സിന് പകരം മലയാളം എടുക്കുന്നതിനുള്ള ഓപ്ഷനും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ 8304084271

## പകർച്ചപ്പനിക്കെതിരെ ജാഗ്രത വേണം: ഡിഎംഒ

**തിരുവനന്തപുരം:** ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ ഡെങ്കിപ്പനി പടരുന്ന സാഹചര്യത്തിൽ പകർച്ചപ്പനിക്കെതിരെ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ ജനങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ.കുടിവെള്ളം ശേഖരിച്ചുവയ്ക്കുന്ന പാത്രങ്ങൾ കൊതുക് മുട്ടയിടാത്ത തരത്തിൽ അടച്ചു സൂക്ഷിക്കണം. കിണറുകൾ വലയിട്ട് മൂടി സൂക്ഷിക്കണം. വീടും പരിസരവും ശുചിയാക്കി സൂക്ഷിക്കണം. മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ വലിച്ചെറിയരുത്. പനി, കടുത്ത തലവേദന, പേശി വേദന, നടുവിനു വേദന, ഓക്കാനം, ഛർദ്ദിൽ തുടങ്ങിയവയാണ് ഡങ്കിപ്പനിയുടെ ലക്ഷണങ്ങൾ. ഇത്തരം ലക്ഷണങ്ങൾ കണ്ടാൽ ഡോക്ടറുടെ സേവനം തേടണം.

# അറിയിപ്പ്

ശാന്തിഗിരി ഗുരുകാന്തിയിലേക്ക് താല്ക്കാലിക അടിസ്ഥാനത്തിൽ അദ്ധ്യാപകരെ ആവശ്യമുണ്ട്. താല്പര്യമുള്ളവർ ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തെ സമീപിക്കുക. അടിസ്ഥാനയോഗ്യത: ബിരുദം.

ഫോൺ: 8113039007

# കെ.എസ്.ആർ.ടി.സി. ബസ് സൗകര്യം

**കൊട്ടാരക്കര:** കൊട്ടാരക്കരയിൽ നിന്നും എല്ലാ ദിവസവും തിരുവനന്തപുരത്തേയ്ക്ക് ബൈപ്പാസ് റോഡ് വഴി കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ഏർപ്പെടുത്തി. ശാന്തിഗിരി ആശ്രമത്തിലേക്കുള്ള ഗുരുഭക്തർക്ക് ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൊട്ടാരക്കരയിൽ നിന്നു രാവിലെ 8 മണിക്ക് പുറപ്പെടുന്ന ബസ് 9.15 ഓടെ ആശ്രമം ജംഗ്ഷനിൽ എത്തിച്ചേരും. വൈകുന്നേരം തിരിച്ചും സർവീസ് ഉണ്ടായിരിക്കും. തിരുവന്തപുരത്തു നിന്ന് വൈകുന്നേരം നാല് മണിക്ക് പുറപ്പെടുന്ന ബസ് 4.45 ന് ആശ്രമം ജംഗ്ഷനിൽ എത്തിച്ചേരുന്നതാണ്. 6.15 ഓടെ കൊട്ടാരക്കരയിലെത്തും.

# ദിവംഗതരായി



*തങ്കച്ചൻ വൈദ്യൻ*

**കോട്ടയം:** പാമ്പാടി കോത്തല വെട്ടിക്കകത്തു വീട്ടിൽ തങ്കച്ചൻ വൈദ്യൻ (75) മെയ് 5 ന് ദിവംഗതനായി. ആദ്യകാല ഗുരുഭക്തനാണ്. ഭാര്യ: കെ.ജി. ഓമന. മക്കൾ: അനിൽ കുമാർ റ്റി., അനൂപ് റ്റി., അഭിനേഷ് റ്റി. മരുമക്കൾ: ഇന്ദു, കൊച്ചുമോൾ, രൂപശ്രീ.



*ബാബുരാജ് . പി.കെ*

**കൊട്ടാരക്കര:** തേവന്നൂർ വാളിയോട് ആനന്ദവിലാസം ബാബുരാജ് (52) മെയ് 11 ന് ദിവംഗതനായി. ശാന്തിഗിരി വുഡ് ഇൻഡസ്ട്രീസിൽ സേവനമനുഷ്ഠിച്ചിരുന്നു. കൊട്ടാരക്കര തേവന്നൂർ യൂണിറ്റിലെ അംഗമാണ് ഇദ്ദേഹം. ഭാര്യ : തങ്കമണി. മകൻ : വന്ദനൻ.ബി



*എസ്.രാജേശ്വരിയമ്മ*

**പ്ലാമൂട്ടുകട :** തൈവിളാകത്തു ആർ. ഗോപിനാഥൻ നായരുടെ ഭാര്യ രാജേശ്വരിയമ്മ (70) മെയ് 1ന് ദിവംഗതയായി.സിദ്ധ ഹോസ്പിറ്റലിലെ അസിസ്റ്റന്റ് മാനേജർ വിജു ജി.യുടെ അമ്മയാണ്. മറ്റു മക്കൾ: ശ്രീകലആർ, സിന്ധുകുമാരി ആർ. മരുമക്കൾ: ഹരിഹരകുമാർ ജി., കാർത്തികേയൻ സിആർ. (സിദ്ധ കോളേജ് കാന്റീൻ), ജയശ്രീ സി.ജെ.




*പഞ്ചകർമ്മ പ്ലേസ്മെന്റ് നേടിയ വിദ്യാർത്ഥികൾ സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വിക്കൊപ്പം*

# ശാന്തിഗിരി പഞ്ചകർമ്മ വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ്

**ഡെൽഹി :** പഞ്ചകർമ്മ ചികിത്സാ പഠനം വിജയകരമായി പൂർത്തിയാക്കിയ 12 വിദ്യാർത്ഥികൾക്ക് ഓൾ ഇന്ത്യ ഇൻസ്റ്റിസ്റ്റിയൂട്ട് ഓഫ് ആയുർവേദയിൽ പഞ്ചകർമ്മ തെറാപ്പിസ്റ്റായി ജോലി ലഭിച്ചു. ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസിലെ ആദ്യ ബാച്ചിലെ 12 വിദ്യാർത്ഥികൾക്കാണ് എ ഐ എയിൽ അവസരം ലഭിച്ചത്. പെട്രോളിയം മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനമായ നുമലിഗർ റിഫൈനറി ലിമിറ്റഡിന്റെ സഹകരണത്തോടെ ശാന്തിഗിരി ആശ്രമം നടത്തുന്ന ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള നിർദ്ധനരായ വിദ്യാർത്ഥികളാണ് പഠനം നടത്തുന്നത്. അസാമിലെ ഉൾനാടൻ ഗ്രാമങ്ങളിൽ ആശ്രമം നടത്തി വന്ന സാമൂഹ്യ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായ യുവതിയുവാക്കളാണ് മിക്കവരും. ആശ്രമം നടത്തിയ ആയുർവേദ നൈപുണ്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർധനരായ മുന്നൂറോളം അപേക്ഷകരിൽ നിന്ന് 30 പേരെയാണ് പഞ്ചകർമ്മ പഠനത്തിനായി തിരഞ്ഞെടുത്തത്. പഠനത്തോടൊപ്പം തന്നെ സൗജന്യമായി താമസവും ഭക്ഷണവും പഠനോപകരണങ്ങളും ശാന്തിഗിരി ആശ്രമം നൽകിയിരുന്നു. ശാന്തിഗിരി ആശ്രമം ന്യൂഡൽഹി സോണൽ ഓഫീസ് ഇൻചാർജ് സ്വാമി പത്മപ്രകാശജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ഒരു സംഘം ആയുർവേദ ഡോക്ടർമാരുടെ സംഘമാണ് വടക്കു കിഴക്കൻ മേഖലയിൽ ശാന്തിഗിരിയുടെ ആതുര സേവനരംഗത്ത് പ്രവർത്തിക്കുന്നത്.



*സിദ്ധ മെഡിക്കൽ അസോസിയേഷൻ പ്രതിനിധികൾ മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചപ്പോൾ*

# സിദ്ധ അസോസിയേഷൻ പ്രതിനിധികൾ മുഖ്യമന്ത്രിയെ സന്ദർശിച്ചു

**തിരുവനന്തപുരം:** സിദ്ധ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ പ്രതിനിധികൾ മുഖ്യമന്ത്രിയെ സന്ദർശിച്ച് സിദ്ധവൈദ്യത്തിന്റെ പ്രചരണകാര്യങ്ങൾ സംബന്ധിച്ച് ചർച്ച നടത്തി. മെയ് ഏഴ് ഞായറാഴ്ച നടന്ന ചർച്ചയിൽ ബിഷപ് മാത്യു അറയ്ക്കൽ, മലയാറ്റൂർ സുകുമാരൻ വൈദ്യർ, റിട്ട.എസ്.പി. വേണുഗോപാൽ, ഡോ. അബിൽ മോഹൻ, ഡോ. അൻസാരി എന്നവരാണ് പങ്കെടുത്തത്. സിദ്ധവൈദ്യം പ്രതിപാദിക്കുന്ന പ്രാചീനമായ തമിഴ് കൈയെഴുത്തു പ്രതികൾ സിദ്ധ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്ന വിവരവും സംഘം മുഖ്യമന്ത്രിയെ ധരിപ്പിക്കുകയുണ്ടായി. വലിയറത്തല ശ്രീധരൻ ആശാനാണ് പരിഭാഷ നിർവഹിക്കുന്നത്. യോഗത്തിൽ സിദ്ധവൈദ്യം സംബന്ധിച്ച വിവിധ കാര്യങ്ങൾ മുഖ്യമന്ത്രി ആരാഞ്ഞു. ഗവൺമെന്റ് സിദ്ധ ഹോസ്പിറ്റലുകൾ, ഡിസ്പെൻസറികൾ, രജിസ്ട്രേഡ് ഡോക്ടർമാർ, സിദ്ധവൈദ്യത്തിന്റെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മൊബൈൽ ആപ്ലിക്കേഷന്റെ ലോഞ്ചിംഗും നടന്നു.

# നവഒലിജ്യോതിർദിനം ആഘോഷക്കാഴ്ചകൾ

















Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala